**<u>പതിനാലാം കേരള നിയമസഭ</u>**
**<u>പതിമൂന്നാം സമ്മേളനം</u>**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3837

**12.12.2018**-ൽ മറുപടിക്ക്

## <u>തിരുവനന്തപുരം ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II തസ്തിക റാങ്ക് ലിസ്റ്റ്</u>

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിലേക്കായി ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാരുടെ നിയമനത്തിനായി പി.എസ്.സിയിൽ നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്രപേരുടെ റാങ്ക് ലിസ്റ്റാണുള്ളത്;ഇത് എന്ന് നിലവിൽ വന്നു;ഇതിൽ എത്രപേർക്ക് നിയമനോപദേശം നൽകി;നിലവിൽ നിയമനത്തിനായി ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. മെയിൻ ലിസ്റ്റിൽ 81 ഉദ്യോഗാർത്ഥികളും, സപ്ലിമെന്ററി ലിസ്റ്റിൽ 41 ഉദ്യോഗാർത്ഥികളും ഉൾപ്പെടെ 122 ഉദ്യോഗാർത്ഥികളാണുള്ളത്. റാങ്ക് ലിസ്റ്റ് 15.11.2017-ന് പ്രാബല്യത്തിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 25 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളൊന്നും നിയമന ശിപാർശയ്ക്കായി നിലവിൽ അവശേഷിക്കുന്നില്ല. |
| (ബി) | സംസ്ഥാനത്ത് ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് ഏറ്റവുമധികം | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഒഴിവുണ്ടാകുന്ന ആരോഗ്യ വകുപ്പിൽ മറ്റ് തസ്തികയിലുള്ളവരും പുറത്ത് നിന്നുള്ള താത്ക്കാലികമായി നിയമിച്ച ആൾക്കാരുമാണ് സേവനമനുഷ്ഠിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പി.എസ്.സി. വഴി നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താത്ക്കാലിക ജീവനക്കാരെ നിലനിർത്താറുണ്ടോ; ഇല്ലെങ്കിൽ താൽക്കാലികമായി ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ തുടർന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി നിലവിലുള്ള സർക്കാർ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തിക ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കും എന്നറിയിക്കാമോ; | (സി) | ഉണ്ട്. വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി തേടുമ്പോൾ ഡ്രൈവർ തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടി വകുപ്പധ്യക്ഷൻമാർ അതത് ഭരണ വകുപ്പുകൾ മുഖേന സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. എങ്കിലും, കാലാകാലങ്ങളിലുള്ള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും, സാമ്പത്തിക |

| | | | |
|---|---|---|---|
| | | | അച്ചടക്കത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായും മാത്രമേ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ. |
| (ഡി) | സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആതുരാലയങ്ങളിലുള്ള ആംബുലൻസുകൾക്കെങ്കിലും സ്ഥിരം ഡ്രൈവർ തസ്തിക അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ സേവനം ചെയ്യേണ്ടതിനാൽ ഒരു ആംബുലൻസിന് 2 ഡ്രൈവർ തസ്തിക പരിഗണിക്കുമോ;പ്രളയ ദുരിതത്തോടനു ബന്ധിച്ച് പുതിയ തസ്തിക സൃഷ്ടിക്കുന്നതിലും പുതിയ നിയമനങ്ങൾ നടത്തുന്നതിലും നിയന്ത്രണം ഉണ്ടെങ്കിൽ ഡ്രൈവർ ഗ്രേഡ് II എച്ച്.ഡി.വി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ ദിവസ വേതനാടിസ്ഥാനത്തിലെങ്കിലും ജോലിക്കായി പരിഗണിക്കുമോ; | (ഡി) | ആരോഗ്യ വകുപ്പിലെ ആംബുലൻസ് ഡ്രൈവർമാരെ നിശ്ചിത വേതന വ്യവസ്ഥയിൽ നിയമിക്കുന്നത് അതത് ആശുപത്രി വികസന സമിതികളാണ്. |

| | | | |
|---|---|---|---|
| (ഇ) | തിരുവനന്തപുരം ജില്ലയിലെ ഹെവി എച്ച്.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിരുന്നു;ഇതിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകി; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര നാളായിരുന്നു;വിശദമാക്കാമോ? | (ഇ) | കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ 138 പേർ ഉൾപ്പെട്ടിരുന്നു. 75 പേർക്ക് നിയമന ശിപാർശ നൽകി. ടി റാങ്ക് പട്ടിക 08.07.2013-ൽ നിലവിൽ വരികയും 01.01.2017-ന് റദ്ദാവുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ